REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 03-07-2026** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **അതിർത്തി കടന്ന് പാകിസ്ഥാൻ നടത്തുന്ന ഭീകരവാദ പ്രവർത്തനങ്ങളെ ഇന്ത്യയും - ജപ്പാനും അപലപിച്ചു.**
- **പരിസ്ഥിതി ലോല പ്രദേശ നിർണയ വിഷയത്തിൽ രാജ്യത്ത് ഏറ്റവും കൃത്യവും വിശദവുമായ പഠനം നടത്തിയത് കേരളമാണെന്ന് മുഖ്യമന്ത്രി VD സതീശൻ.**
- **വിഴിഞ്ഞം തുറമുഖത്തിന്റെ 49 ശതമാനം ഓഹരികൾ കൈമാറുന്ന നീക്കം തടയണമെന്ന് CPIM സംസ്ഥാന സെക്രട്ടറിയേറ്റ്.**
- **സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഓസ്ട്രിയയെ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് തകർത്ത് സ്പെയിൻ പ്രി ക്വാർട്ടറിൽ.**

## വാർത്തകൾ വിശദമായി

അതിർത്തി കടന്ന് പാകിസ്ഥാൻ നടത്തുന്ന ഭീകരവാദ പ്രവർത്തനങ്ങളെ ഇന്ത്യയും ജപ്പാനും സംയുക്ത പ്രസ്താവനയിൽ അപലപിച്ചു. ഇന്ത്യ - ജപ്പാൻ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയും, ജാപ്പനീസ് പ്രധാനമന്ത്രി സന തകായിച്ചിയുമാണ് പ്രസ്താവനയിൽ ഒപ്പുവെച്ചത്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

കഴിഞ്ഞ വർഷം ഏപ്രിൽ 22 ന് ജമ്മുകശ്മീരിലെ പഹൽഗാമിലും നവംബർ പത്തിന് ഡൽഹിയിലുമുണ്ടായ ഭീകരാക്രമണത്തെയും ഇരുനേതാക്കളും ശക്തമായി

അപലപിച്ചു. നിന്ദ്യമായ ഈ പ്രവൃത്തിയുടെ കുറ്റവാളികളെയും, സംഘാടകരെയും ധനസഹായം നൽകുന്നവരെയും ഉടൻ നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്ന് ഇന്ത്യയും, ജപ്പാനും ആവശ്യപ്പെട്ടു. UN പട്ടികയിൽ ഉൾപ്പെടുത്തിയ എല്ലാ തീവ്രവാദ ഗ്രൂപ്പുകൾക്കും, സ്ഥാപനങ്ങൾക്കുമെതിരെ യോജിച്ച നടപടികൾ സ്വീകരിക്കണമെന്ന് നരേന്ദ്രമോദിയും, സന തകായിച്ചിയും ആവശ്യപ്പെട്ടു. ഭീകരരുടെ സുരക്ഷിത താവളങ്ങൾ വേരോടെ പിഴുതെറിയുന്നതിനും, ഭീകരർക്ക് ധനസഹായം നൽകുന്ന മാർഗ്ഗങ്ങളും രാജ്യാന്തര കുറ്റകൃത്യങ്ങളുമായി അവരുടെ ബന്ധവും ഇല്ലാതാക്കണം. അതിർത്തി കടന്ന് ഭീകരർ നടത്തുന്ന നീക്കങ്ങൾ തടയുന്നതിന് ദൃഢനിശ്ചയത്തോടെ നടപടികൾ സ്വീകരിക്കണമെന്നും ഇരുനേതാക്കളും ആവശ്യപ്പെട്ടു. സ്ഥിരതയും സമൃദ്ധവുമായ ഇൻഡോ - പസഫിക് എന്ന ലക്ഷ്യത്തിലേക്ക് സമാന ചിന്താഗതിക്കാരായ രാജ്യങ്ങൾ തമ്മിലെ സഹകരണം മുന്നോട്ടു കൊണ്ടുപോകുന്നതിന് ഇരു പ്രധാനമന്ത്രിമാരും പ്രതിബദ്ധത ആവർത്തിച്ചു. ക്വാഡ് ചട്ടക്കൂടിന് കീഴിലെ സ്ഥിരമായ പുരോഗതിയെ ഇരുവരും സ്വാഗതം ചെയ്തു.

✪✪✪

പരിസ്ഥിതി ലോല പ്രദേശ നിർണയവുമായി ബന്ധപ്പെട്ട വിഷയത്തിൽ രാജ്യത്ത് ഏറ്റവും കൃത്യവും വിശദവുമായ പഠനം നടത്തിയത് കേരളമാണെന്നും, ഇത് കേന്ദ്ര ഗവണ്മെന്റ് അംഗീകരിക്കപ്പെട്ടിട്ടുണ്ടെന്നും മുഖ്യമന്ത്രി VD സതീശൻ അറിയിച്ചു. തിരുവനന്തപുരത്ത് ചേർന്ന ഉന്നതതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉയർന്ന ജനസാന്ദ്രതയുണ്ടായിട്ടും സംസ്ഥാനത്തിന് മികച്ച വനവിസ്തൃതിയും പച്ചപ്പും നിലനിർത്താൻ കഴിഞ്ഞതായി മുഖ്യമന്ത്രി അറിയിച്ചു.

ഇടുക്കി ഉൾപ്പെടെ ജില്ലകളിൽ മുൻകാലങ്ങളിൽ വനമെന്ന് തെറ്റായി വിജ്ഞാപനം ചെയ്ത പ്രദേശങ്ങൾ ഒഴിവാക്കുമെന്ന ഉറപ്പ് സംസ്ഥാന ഗവണ്മെന്റ് നടപ്പാക്കുമെന്നും VD സതീശൻ പറഞ്ഞു. ഭൂമിയുമായി ബന്ധപ്പെട്ട കേസുകളിൽ ഉൾപ്പെടെ ഹൈക്കോടതിയിലും, മറ്റ് കോടതികളിലും സമർപ്പിക്കുന്ന സത്യവാങ്മൂലങ്ങളിൽ ഏകീകൃത നിലപാട് സ്വീകരിക്കണമെന്ന് അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയതായും മുഖ്യമന്ത്രി വ്യക്തമാക്കി.

പരിസ്ഥിതി ലോല പ്രദേശങ്ങളുടെ വിസ്തൃതിയുമായി ബന്ധപ്പെട്ട് സംസ്ഥാനം സമർപ്പിച്ച കണക്കുകൾ കൃത്യമാണെന്ന് യോഗം വിലയിരുത്തി.

✪✪✪

സംസ്ഥാന ഗവണ്മെന്റിനെ അറിയിക്കുകയോ കൂടിയാലോചന നടത്തുകയോ ചെയ്യാതെയാണ് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് 49 ശതമാനം ഓഹരി മെഡിറ്ററേനിയൻ ഷിപ്പിംഗ് കമ്പനിക്ക് കൈമാറാൻ തീരുമാനിച്ചതെന്ന് മുഖ്യമന്ത്രി VD സതീശൻ പറഞ്ഞു. ഇക്കാര്യത്തിൽ ഗവണ്മെന്റിന്റെ അതൃപ്തി അദാനി പോർട്സ് ആൻഡ് സ്പെഷ്യൽ ഇക്കണോമിക് സോൺ ലിമിറ്റഡ് മാനേജ്മെന്റിനെ അറിയിച്ചതായും മുഖ്യമന്ത്രി തിരുവനന്തപുരത്ത് വ്യക്തമാക്കി.

സംസ്ഥാന ഗവണ്മെന്റുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിന്റെ സ്വപ്ന പദ്ധതിയായിരുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം യാഥാർത്ഥ്യമായത്. ഗവണ്മെന്റിന്റെ അനുമതിയോട് കൂടി മാത്രമെ ഓഹരി ഘടനയിൽ മാറ്റം വരുത്താനാകൂ എന്നും മുഖ്യമന്ത്രി പറഞ്ഞു.

കൺസഷൻ കരാറിലെ ബാധകമായ വ്യവസ്ഥകളും മറ്റ് നിയന്ത്രണങ്ങളും നിർദേശങ്ങളും കർശനമായി പരിശോധിച്ചതിന് ശേഷം ഇക്കാര്യത്തിൽ ഗവണ്മെന്റ് തുടർ നിലപാട് സ്വീകരിക്കുമെന്നും VD സതീശൻ അറിയിച്ചു.

✪✪✪

വിഴിഞ്ഞം തുറമുഖത്തിന്റെ 49 ശതമാനം ഓഹരികൾ എം.എസ്.സി അന്താരാഷ്ട്ര ഷിപ്പിംഗ് കമ്പനിക്ക് കൈമാറാൻ നീക്കം തടയുന്നതിന് സംസ്ഥാന ഗവണ്മെന്റ് അടിയന്തിരമായി ഇടപെടണമെന്ന് CPIM സംസ്ഥാന സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

വിഴിഞ്ഞത്തിന്റെ ഓഹരികൾ കൈമാറുമെന്ന കാര്യം അദാനി ഗ്രൂപ്പ് സ്റ്റോക്ക് എക്സചേഞ്ചിനെ അറിയിച്ച രേഖ പുറത്തുവന്നിട്ടുണ്ടെന്നും, തുറമുഖം ഇവരുടെ സംയുക്ത സംരംഭമായി നടത്തുന്ന നീക്കമാണ് ഇതിലൂടെ പുറത്തുവന്നതെന്നും സെക്രട്ടറേയറ്റ് കുറ്റപ്പെടുത്തി. തുറമുഖം സംസ്ഥാനത്തിന്റെ തന്നെ ഉടമസ്ഥതയിൽ നിലനിർത്തുന്ന നടപടി ഉണ്ടാകണമെന്നും സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

✪✪✪

വി ഡി സതീശൻ നയിക്കുന്ന യുഡിഫ് ഗവണ്മെന്റ് അദാനി വിലാസം ഗവണ്മെന്റ് ആയി മാറിയെന്ന് CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം കുറ്റപ്പെടുത്തി. വിഴിഞ്ഞം തുറമുഖത്ത് അദാനിയുടെ താല്പര്യം മുൻ നിർത്തി ഷിപ്പിങ് വ്യവസായത്തിലെ ഭീമൻ കമ്പനിയുമായി പങ്കാളിത്തം സ്ഥാപിക്കുന്ന നീക്കത്തെ കുറിച്ച് മുഖ്യമന്ത്രി ജനങ്ങളോട് കണക്ക് പറയേണ്ടി വരുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

കേരളത്തിന്റെ കടൽത്തീരവും ഭൂസമ്പത്തും വിഭവങ്ങളും വൻകിട കുത്തകകൾക്ക് കൈമാറ്റം ചെയ്യുന്നതാണോ മുഖ്യമന്ത്രിയുടെ പുതുയുഗ വികസന തന്ത്രം എന്ന് വ്യക്തമാക്കണമെന്ന് ബിനോയ് വിശ്വം ആവശ്യപ്പെട്ടു.

✪✪✪

അടുത്ത വർഷത്തെ ഹജ്ജിന് അപേക്ഷിക്കുന്ന തീർഥാടകരുടെ പാസ്പോർട്ട് അപേക്ഷകൾ ത്വരിതഗതിയിൽ തീർപ്പാക്കാൻ പാസ്പോർട്ട് ഓഫീസുകൾക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് മന്ത്രി N. ഷംസുദ്ദീൻ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രിക്ക് കത്തയച്ചു.

സംസ്ഥാനത്ത് നിന്ന് നിരവധി തീർഥാടകർ പുതിയ പാസ്പോർട്ടിനും, പുതുക്കുന്നതിനും അപേക്ഷിച്ച് കാത്തിരിക്കുകയാണെന്നും, പാസ്പോർട്ട് ലഭിക്കുന്നതിൽ കാലതാമസം നേരിട്ടാൽ അർഹരായ തീർഥാടകർക്ക് ഹജ്ജിന് പോകാൻ അവസരം നഷ്ടപ്പെടുമെന്നും മന്ത്രി കത്തിൽ പറഞ്ഞു.

അടുത്ത വർഷത്തെ ഹജ്ജിന് ഓൺലൈൻ അപേക്ഷകൾ ഈ മാസം 20 വരെ സ്വീകരിക്കും. അപേക്ഷകർക്ക് അടുത്ത വർഷം ഡിസംബർ 31 വരെ കാലാവധി വരുന്ന ഇന്ത്യൻ പാസ്പോർട്ട് നിർബന്ധമാണ്.

✪✪✪

ഓണത്തിന്റെ തനത് പാരമ്പര്യവും സംസ്കാരവും വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്ക് മുന്നിൽ പൂർണ്ണമായി എത്തിക്കുന്ന അനുഭവമാക്കി ഇത്തവണത്തെ ഓണം വാരാഘോഷത്തെ മാറ്റുമെന്ന് മന്ത്രി P.C വിഷ്ണുനാഥ് അറിയിച്ചു. ആഗസ്റ്റ് 24 മുതൽ 30 വരെയാണ് ഇത്തവണത്തെ ഓണം വാരാഘോഷം. വിനോദസഞ്ചാരികൾക്ക് പൂക്കളമിടാനും ഓണക്കളികളിൽ പങ്കാളികളാകാനും സദ്യ ആസ്വദിക്കാനും അനുഷ്ഠാന കലാരൂപങ്ങൾ കാണാനും അവസരം ഉറപ്പാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ഇതിന്റെ ഭാഗമായി നിശാഗന്ധിയിൽ പടയണി, തെയ്യം, തോൽപ്പാവക്കൂത്ത് തുടങ്ങിയ അനുഷ്ഠാനകലകൾ സംഘടിപ്പിക്കാനും തിരുവനന്തപുരത്ത് ചേർന്ന യോഗത്തിൽ തീരുമാനമായി.

ആഘോഷങ്ങളുടെ ഭാഗമായി കവടിയാർ മുതൽ മണക്കാട് വരെ ഉത്സവമേഖലയായി പ്രഖ്യാപിക്കും.

✪✪✪

സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ചതും അഫിലിയേറ്റ് ചെയ്തതുമായ സ്പോർട്സ് അസോസിയേഷനുകൾ ഓഡിറ്റ് ചെയ്യാൻ മന്ത്രി O.J ജനീഷ് നിർദ്ദേശം നൽകി. മന്ത്രിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് അസ്സോസിയയേഷനുകളിൽ നിന്ന് വിവരശേഖരണ ചോദ്യാവലി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് കൈമാറി. കായിക മേഖലയിൽ പ്രവർത്തിക്കുന്ന അസ്സോസിയേഷനുകളെ കുറിച്ച് പരാതികൾ വ്യാപകമായ സാഹചര്യത്തിലാണ് സമഗ്ര അഴിച്ചുപണി ലക്ഷ്യമാക്കി സംസ്ഥാന ഗവണ്മെന്റിന്റെ ഇടപെടൽ.

✪✪✪

അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിന്റെ വില ഒരു ശതമാനത്തോളം കുറഞ്ഞു. തുടർച്ചയായ മൂന്നാം ദിവസമാണ് വിപണിയിൽ വിലയിടിവ് രേഖപ്പെടുത്തുന്നത്. ഹോർമൂസ് കടലിടുക്കുമായി ബന്ധപ്പെട്ട് ഇറാനും, US ഉം തമ്മിൽ ദോഹയിൽ നടത്തിയ ചർച്ചകൾക്കു പിന്നാലെയാണ് വിലയിടിവ്. ബ്രെൻഡ് ക്രൂഡിന്റെ വില 1.1 ശതമാനം ഇടിഞ്ഞ് 70 ഡോളറിലെത്തി. US വെസ്റ്റ് ടെക്സസ് ഇന്റർമീഡിയറ്റ് ക്രൂഡ് വില 1.9 ശതമാനം കുറഞ്ഞ് ബാരലിന് 67 ഡോളറുമായി. നാല് മാസത്തെ ഏറ്റവും താഴ്ന്ന നിരക്കാണിത്.

✪✪✪

ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം രൂപപ്പെട്ടതിനെ തുടർന്ന് സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ശക്തമായ മഴയ്ക്കു സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് ഒറ്റപ്പെട്ട അതിശക്തമായ മഴയും മറ്റു ദിവസങ്ങളിൽ ഒറ്റ പ്പെട്ട ശക്തമായ മഴയുമാണ് പ്രവചിച്ചിരിക്കുന്നത്. 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റു വീശാനും സാധ്യതയുണ്ട്.

ഇന്ന് കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഓസ്ട്രിയയെ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് തകർത്ത് സ്പെയിൻ പ്രി ക്വാർട്ടറിൽ പ്രവേശിച്ചു. കാലിഫോർണിയയിലെ ലോസ് ആഞ്ചലസ് സ്റ്റേഡിയത്തിലെ മത്സരത്തിലാണ് സ്പെയിൻ തകർപ്പൻ വിജയം നേടിയത്.

കൂടുതൽ വിവരങ്ങളുമായി സുരേഷ് എടപ്പാൾ.

....(വോയ്സ്)......

ടൊറന്റോയിൽ അല്പം മുമ്പ് സമാപിച്ച മത്സരത്തിൽ ക്രൊയേഷ്യയെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് തകർത്ത് പോർച്ചുഗൽ പ്രി ക്വാർട്ടറിൽ ഇടം നേടി.

രാവിലെ എട്ടരയ്ക്ക് വാങ്കോവറിൽ സ്വിറ്റ്സർലൻഡ് അൾജീരിയയുമായി ഏറ്റുമുട്ടും. 11.30ന് ആർലിംഗ്ടണിൽ ഓസ്ട്രേലിയ ഈജിപ്തിനെ നേരിടും.

പ്രി ക്വാർട്ടറിൽ തിങ്കളാഴ്ച ഇംഗ്ലണ്ട് സഹആതിഥേയരായ മെക്സിക്കോയെ നേരിടും. ചൊവ്വാഴ്ച US ബെൽജിയവുമായി ഏറ്റുമുട്ടും.

✪✪✪

ലണ്ടനിലെ കെന്നിംഗ്ടൺ ഓവലിൽ ICC വനിതാ ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇംഗ്ലണ്ട് ഫൈനലിലെത്തി. രണ്ടാം സെമിഫൈനലിൽ ആതിഥേയരായ ദക്ഷിണാഫ്രിക്കയെ 40 റൺസിന് പരാജയപ്പെടുത്തിയാണ് ഇംഗ്ലണ്ട്, ഫൈനലിൽ പ്രവേശിച്ചത്. ഞായറാഴ്ച ലോർഡ്സ് ക്രിക്കറ്റ് ഗ്രൗണ്ടിലാണ് ഇംഗ്ലണ്ട് - ഓസ്ട്രേലിയ ഫൈനൽ മത്സരം.

✪✪✪

ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ്, ശ്രീലങ്കയ്ക്കെതിരായ ഇന്ത്യയുടെ രണ്ട് മത്സരങ്ങളടങ്ങുന്ന ടെസ്റ്റ് പരമ്പരയുടെ ഷെഡ്യൂൾ പ്രഖ്യാപിച്ചു. അടുത്ത മാസം 15 മുതൽ 27 വരെയാണ് മത്സരം. ആദ്യ ടെസ്റ്റ് അടുത്ത മാസം 15 മുതൽ ശ്രീലങ്കയിലെ ഗാലെ ഇന്റർനാഷണൽ സ്റ്റേഡിയത്തിലും രണ്ടാം ടെസ്റ്റ് 23 മുതൽ കൊളംബോയിലെ

സിംഹളീസ് സ്പോർട്സ് ക്ലബ്ബിലുമാണ്. ICC വേൾഡ് ടെസ്റ്റ് ചാമ്പ്യൻഷിപ്പ് 2025-27 ന്റെ ഭാഗമാണ് പരമ്പര.

✪✪✪

വയനാട് കളക്ടറേറ്റിൽ മന്ത്രി കെ മുരളീധരന്റെ അധ്യക്ഷതയിൽ രാവിലെ കായകൽപം ജനസമ്പർക്ക പരിപാടി സംഘടിപ്പിക്കും. ജനസമ്പർക്ക പരിപാടിയിലൂടെ ജില്ലയിലെ ജനപ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ, പൊതുജനങ്ങൾ എന്നിവർ പങ്കെടുക്കുന്ന യോഗത്തിൽ ഉരുത്തിരിയുന്ന അഭിപ്രായങ്ങളും നിർദേശങ്ങളും ഉൾപ്പെടുത്തി ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിന് പദ്ധതി തയ്യാറാക്കും.

✪✪✪

വയനാട് നല്ലൂർനാട് അംബേദ്കർ മെമ്മോറിയൽ ജില്ലാ കാൻസർ സെന്ററിൽ നിർമിക്കുന്ന മോഡൽ കാൻസർ കെയർ സെന്റർ കെട്ടിട നിർമാണം ഉച്ച കഴിഞ്ഞ് മന്ത്രി കെ. മുരളീധരൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മീനാക്ഷി രാമൻ അധ്യക്ഷയാവും.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*News Team: സയ്യിദ് അലി ശിഹാബ്, സബിത കെ*
*DEO : ഷീബ*